ചെറുകഥ

# വിശുദ്ധമദ്യപാനികൾ

## കാരൂർ സോമൻ

കഥയുടെ തലക്കെട്ട് വായിച്ച് അതഭുതപ്പെടേണ്ടതില്ല. കാരണം മദ്യപാനികളിൽ എല്ലാവരും വിശുദ്ധരല്ലെങ്കിലും അപൂർവ്വം ചില വിശുദ്ധരും ജീവിച്ചിരിക്കുന്നു.

ഉദാഹരണമായി കേരളത്തിലെ ഒരു ഗ്രാമപ്രദേശത്ത്, തികച്ചും ഗ്രാമമല്ല നഗരത്തിന്റേതായ മോടിയിലേക്ക് അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു നാട്ടിലെ കുടിയന്മാരുടെ ആശയും ആവേശവുമായ 'രാമനെ' ഒന്ന് പരിചയപ്പെടാം.

സൂര്യനുദിക്കുന്നതിനു മുൻപുതന്നെ കാൽ അടിച്ചില്ലെങ്കിൽ ശരീരം വിറയ്ക്കുന്നതിനാൽ രാമന് 'സൂര്യകാലടി' എന്നൊരു ഇരട്ടപേരുമുണ്ടെന്ന് ഓർമ്മിപ്പിയ്ക്കുന്നു.

രാമൻ രാവിലെ ഉറക്കമുണർന്നാൽ ആദ്യം ചെയ്യുന്നത് മുപ്പത്തിമുക്കോടി ദൈവങ്ങളെ സ്തുതിക്കുന്ന ഒരു ശ്ലോകം ഉറക്കെ ചൊല്ലിക്കൊണ്ട് വീടിനടുത്തുള്ള ക്ഷേത്രകടവിൽ പോയി മുങ്ങി കുളിച്ച് കുറിയിട്ട് വസ്ത്രങ്ങൾ മാറി സുന്ദരകുട്ടപ്പനായി ബാറിലേക്ക് നടക്കും.

രാവിലെ രണ്ട് 'ഒന്നര' അകത്തു ചെന്നതിനുശേഷമേ രാമൻ തന്റെ യഥാർത്ഥ സ്വഭാവത്തിലേക്ക് എത്തുകയുള്ളൂ. ചിലദിവസം കൈവിറയ്ക്കുന്നത് അധികമാവുമ്പോൾ ബാറിലെ പെഗ് അളന്നുനൽകുന്ന ജീവനക്കാരൻ ഗ്ലാസ്സിൽ മദ്യമളന്ന് കൃത്യമായി വെള്ളം ചേർത്ത് രാമന് കുടിക്കാൻ തക്കവണ്ണം ചുണ്ടോട് ചേർത്ത് പിടിച്ചുകൊടുക്കും.

അവരായിരിക്കും മദ്യപാനികളിൽ വിശുദ്ധനായ രാമനെ തിരിച്ചറിഞ്ഞ ആദ്യത്തെ മനുഷ്യർ- പലപ്പോഴും കഴിച്ച മദ്യത്തിന്റെ പണം നൽകാൻ രാമന്റെ കൈയ്യിൽ ഇല്ലാതെ വരുമ്പോൾ ആ ബാറിലെ ജീവനക്കാർ സ്വന്തം ചിലവിൽ രാമൻ 'ജീവജലം' വാങ്ങി നൽകാറുമുണ്ട്.

രാവിലത്തെ ക്വോട്ടാ കഴിഞ്ഞാൽ രാമൻ നേരെ തന്റെ ജോലിസ്ഥലമായ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ പട്ടണത്തിലുള്ള ഓഫീസിലേക്ക് പോകും.

ഉച്ചവരെ അവിടെ ജോലിചെയ്യും പിന്നെ ഊണു കഴിക്കുന്നതിനുമുമ്പായി ടൗണിലെ ബാറിൽ കയറി രണ്ട് പെഗ് അടിക്കും, പിന്നെ വൈകുന്നേരം ഓഫീസ് അടച്ചുപൂട്ടി താക്കോൽ ഓഫീസറെ ഏൽപ്പിച്ച് തിരികെ തന്റെ ഗ്രാമത്തിലേക്കുള്ള ബസിൽ കയറും.

ഗ്രാമത്തിലേക്കുള്ള യാത്രയ്ക്കിടയിൽ ബഹുദൂരവും ബസ് സഞ്ചരിക്കുന്നത് വനത്തിനുള്ളിലൂടെയാണ്. അവിടെ നിറഞ്ഞ പച്ചപ്പിൽ തഴച്ചുവളരുന്ന ഓരോ മരങ്ങളെക്കുറിച്ചും രാമൻ അടുത്തിരിക്കുന്ന യാത്രക്കാരോട് വിശദീകരിച്ചു കൊടുത്തുകൊണ്ടിരിക്കും.

"ദാ.... ആ ചുവന്ന പൂക്കൾ വിരിഞ്ഞുനിൽക്കുന്ന മരമാണ് വാക' ഉദ്യാനവാക, കാട്ടുവാക, പീലിവാക, തുടങ്ങി അനേകതരം മരങ്ങളുണ്ട്. ദേ... ആ ഇടത്തരം മരം കണ്ടോ.. കാണാൻ ഭംഗിയുള്ളത്. അതാണ് നീർമാതളം.

നമ്മുടെ മാധവിക്കുട്ടിയെന്ന കമലാസുരയ്യയുടെ പ്രിയപ്പെട്ട നീർമാതളം

ഇങ്ങനെ അപൂർവ്വങ്ങളായ മനുഷ്യരെക്കുറിച്ചും മരങ്ങളെക്കുറിച്ചും ഞങ്ങൾക്ക് പുതിയ അറിവുകൾ ലഭിച്ചത് രാമനിൽ നിന്നുമാത്രമാണ്. അങ്ങനെയുള്ള രാമനുമായി ഒരു തവണ ഒന്നിച്ച് മദ്യപിക്കുവാനുള്ള അവസരം നമുക്ക് ലഭിക്കുകയാണെങ്കിൽ അത് നഷ്ടപ്പെടുത്തരുത്.

വിവിധതരം മദ്യങ്ങളുടെ പേരുകൾ രുചി, വില, അവ കഴിക്കുവാൻപറ്റിയ സമയം, സ്ഥലം ഇവയെല്ലാം രാമനെപ്പോലെ കൃത്യമായി അറിയാവുന്നയാൾ അന്നാട്ടിലില്ല. അതുകൊണ്ട് തന്നെ രാമനെ മദ്യപിക്കുവാനായി കമ്പനി കിട്ടാൻ അന്നാട്ടിലെ എല്ലാ കുടിയന്മാരും ആഗ്രഹിച്ചിരുന്നു.

ക്ഷേത്രമൈതാനവും കടന്ന് വിശാലമായ തെങ്ങിൻ തോപ്പിലൂടെ വെറുതെ നടക്കാനിറങ്ങിയപ്പോഴാണ് വഴിക്ക് വച്ച് രാമനെ കണ്ടത്.

ഇന്ന് അവധിയാണോ രാമാ?

അതെ അതുകൊണ്ട് തന്നെയാണ് സർവ്വസംഗപരിത്യാഗിയായി ഇന്നത്തെ പകൽമുഴുവൻ ആൾക്കഹോൾ പാനിയം കഴിച്ചുകൊണ്ട് ചിലവഴിക്കാൻ ഞാൻ തീരുമാനിച്ചതും ഇതുവാങ്ങിയതും.

ഇങ്ങനെ പറഞ്ഞുകൊണ്ട് രാമൻ ഷർട്ട് ഉയർത്തി അരയിൽ ഒളിപ്പിച്ചു വച്ച 'പൈന്റ്' എന്നെ കാണിച്ചു.

"താനും വാ.. ഇന്ന് നമുക്ക് രണ്ടാൾക്കും അൽപ്പനേരം മിണ്ടിയും പറഞ്ഞും ചിലവഴിക്കാം"

മദ്യം കഴിക്കുന്നതിനുപരിയായി രാമനെ അടുത്തറിയുക അതായിരുന്നു എന്റെ ലക്ഷ്യം അതിനാൽ ഞാൻ രാമനെ പിൻതുടർന്നു.

തെങ്ങിൻതോപ്പിൽ നിന്നും കുളത്തിലേക്കിറങ്ങുന്ന കൽപടവുകളിൽ ഞാനും രാമനും ഇരുന്നു. പൊന്ത

ക്കാട്ടിൽ നിന്നും നിത്യോപയോഗത്തിനായി ഒളിപ്പിച്ചുവച്ച ഒരു ഗ്ലാസ്സ് രാമൻ കണ്ടെടുത്ത് അതിലേക്ക് മദ്യം പകർന്ന് കുളത്തിലെ വെള്ളവും ചേർത്ത് കഴിച്ചുതുടങ്ങി.

അപ്പോൾ സമയം സന്ധ്യയാകാൻ തുടങ്ങിയിരുന്നു. തെങ്ങോലകൾക്കിടയിലൂടെ അന്തിസൂര്യന്റെ വെളിച്ചം രാമന്റെ മുഖത്തും കൈയ്യിലെ ഗ്ലാസ്സിൽ നിറഞ്ഞിരിക്കുന്ന ചുവന്ന ദ്രാവകത്തിലും വീണ് തിളങ്ങി. രാമൻ വിശുദ്ധനായി മാറുന്ന നിമിഷങ്ങളാണിനി വരാൻ പോകുന്നത്.

രാമൻ ഇങ്ങനെ പറഞ്ഞുതുടങ്ങി. "തനിക്ക് കൈയ്യിൽ പണമുണ്ടെങ്കിൽ അതുകൊണ്ട് ബെഡ് വാങ്ങാം, ഉറക്കം വാങ്ങാൻ പറ്റില്ല. മെഡിസിൻ വാങ്ങി കഴിക്കാം, ആരോഗ്യം വാങ്ങാൻ പറ്റില്ല. പെണ്ണിനെ വേണമെങ്കിൽ പണംകൊടുത്താൽ കിട്ടും പക്ഷെ ഭാര്യയെ കിട്ടില്ല. പുസ്തകങ്ങൾ കാശുണ്ടെങ്കിൽ ലഭിക്കും പക്ഷെ അറിവ് ലഭിക്കില്ല. വിഗ്രഹങ്ങൾ എത്രവേണമെങ്കിലും തനിക്ക് വാങ്ങാം പക്ഷെ ദൈവത്തെ വിലകൊടുത്താൽ കിട്ടില്ല'. ഇത്രയും പറഞ്ഞത് കേട്ട് ഞാൻ രാമന്റെ കൈകൊണ്ട് ഒഴിച്ചു നൽകിയ പെഗ് സന്തോഷപൂർവ്വം കഴിക്കുകയും ആ കാലിൽ തൊട്ട് നമസ്കരിക്കുകയും ചെയ്തു.

"ഇനി ഞാൻ തനിച്ചിരുന്നുകൊള്ളാം നീ പൊയ്യക്കൊള്ളൂ" എന്ന് പറഞ്ഞ് രാമൻ എന്നെ യാത്രയാക്കി. പിന്നീട് ബാക്കി വന്ന മദ്യവും രാമനും ഏറെ നേരം ആ വിജനതയിൽ തനിച്ചിരുന്നു.

രാമൻ- മദ്യപാനികളിൽ വിശുദ്ധനായിരുന്നു എന്ന് സമൂഹത്തെ ബോധിപ്പിക്കുന്നതിനായി ഞാൻ രാമനെ പറ്റി എല്ലാവരോടും പറയുന്നു, എഴുതുന്നു. ഇത്രയുമെങ്കിലും നാം ചെയ്യണം ഇല്ലെങ്കിൽ മൺമറഞ്ഞുപോയ വിശുദ്ധമദ്യപാനികളുടെ ആത്മാക്കൾ നമുക്ക് ശാന്തിതരികയില്ല.

ജാതിമതവർഗ്ഗ വർണ്ണഭേതമില്ലാതെ പണ്ഡിതനെന്നോ പാമരനെന്നോ വ്യത്യാസമില്ലാതെ പണക്കാരനും ദരിദ്രനും ഒരുപോലെ രുചിക്കുന്ന മദ്യമെന്നദ്രാവകത്തിന് "ജീവജലമെന്ന്" പേരുനൽകി രാമൻ വീണ്ടും വിശുദ്ധനായി മാറി..